**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജൽ ജീവൻ പദ്ധതിയുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കുമ്പോൾ ആയതു പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള തുക പ്രസ്തുത പ്രവൃത്തിയുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് ഇപ്രകാരം വകയിരുത്തുന്നത്; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഇപ്രകാരം റോഡുകൾ പൂർവസ്ഥിതിയിൽ ആക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് എന്ത് നടപടിക്രമമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭ്യമാക്കിയിട്ടുള്ള ഓരോ പദ്ധതിയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് അനുമതി നേടുകയും അതിനു ശേഷം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷൻ കമ്മിറ്റിയിൽ (SLSSC) സമർപ്പിച്ച് അനുമതി ലഭ്യമാക്കുന്നത്. ഇപ്രകാരം അനുമതി ലഭ്യമാക്കുന്ന പദ്ധതികൾ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷനിൽ സമർപ്പിച്ച് അന്തിമാനുമതി നൽകുന്നു.<br><br>ഇപ്രകാരം അനുമതി ലഭ്യമായ ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ തുകയ്ക്ക് അംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്ന തിനുള്ള അംഗീകാരം മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപി ക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വ മാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗി ക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് കേന്ദ്രസർക്കാറിന്റെ 29.09.2022ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനം എന്നിവ ഉൾപ്പെടെ യുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റു പ്രവൃത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.<br><br>നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപന ത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗ്ഗരേഖ ഉൾപ്പെടുത്തികൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ ക്കായി ഏകോപിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | മേൽപറഞ്ഞ പ്രകാരം കഴിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് പ്രത്യേക തുക കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ റോഡുകൾ പൂർവസ്ഥിതിയിൽ ആക്കുന്നതിന് ഏതു മാർഗ്ഗമാണ് അവലംബിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ അനുമതി ലഭ്യമാക്കിയിട്ടുള്ള ഓരോ പദ്ധതിയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് അനുമതി നേടുകയും അതിനു ശേഷം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷൻ കമ്മിറ്റിയിൽ (SLSSC) സമർപ്പിച്ച് അനുമതി ലഭ്യമാക്കുന്നത്. ഇപ്രകാരം അനുമതി ലഭ്യമാക്കുന്ന പദ്ധതികൾ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷനിൽ സമർപ്പിച്ച് അന്തിമാനുമതി നൽകുന്നു.<br><br>ഇപ്രകാരം അനുമതി ലഭ്യമായ ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ തുകയ്ക്ക് അംഗീകാരം ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്ന തിനുള്ള അംഗീകാരം മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപി ക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വ മാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ ടൈഡ് ഗ്രാൻഡ് ഉപയോഗി ക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാറിന്റെ 29.09.2022ലെ W-11011/10/2022/JJM-III-DDWS കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺ ടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽ നിന്നും റോഡ് പുനഃസ്ഥാപനം എന്നിവ ഉൾപ്പെടെ യുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റു പ്രവൃത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപന ത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗ്ഗരേഖ ഉൾപ്പെടുത്തികൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ ക്കായി ഏകോപിച്ച പ്രവർത്തനത്തിലൂടെ മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ